"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - WP(C) No. 19612/2021, 2473/2023, 27618/2023, 33705/2023 എന്നീ കേസുകളിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 17.06.2025-ലെ ഇടക്കാല ഉത്തരവ് നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പി.ആർ.യു) വകുപ്പ്

സ.ഉ.(സാധാ) നം.6533/2025/FIN തീയതി,തിരുവനന്തപുരം, 08-08-2025

---

പരാമർശം:-

1. WP(C) No. 19612/2021, 2473/2023, 27618/2023, 33705/2023 എന്നീ കേസുകളിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 17.06.2025-ലെ ഇടക്കാല ഉത്തരവ്.
2. കേന്ദ്ര സർക്കാരിന്റെ 23.04.2020-ലെ 1/1/2020-E-II(B) നമ്പർ ഓഫീസ് മെമ്മോറാണ്ടം.
3. കേന്ദ്ര സർക്കാരിന്റെ 20.07.2021-ലെ 1/1/2020-E-II(B) നമ്പർ ഓഫീസ് മെമ്മോറാണ്ടം.
4. കേന്ദ്ര സർക്കാരിന്റെ 25.10.2021-ലെ 1/4/2021-E-II(B) നമ്പർ ഓഫീസ് മെമ്മോറാണ്ടം.
5. 08.02.2021-ലെ സ.ഉ.(അച്ചടി) നം.25/2021/ധന.
6. 11.03.2024-ലെ സ.ഉ.(അച്ചടി) നം.16/2024/ധന.
7. 26.10.2024-ലെ സ.ഉ.(അച്ചടി) നം.92/2024/ധന.
8. 20.03.2025-ലെ സ.ഉ.(അച്ചടി) നം.30/2025/ധന.

<u>ഉത്തരവ്</u>

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 19612/2021, 2473/2023, 27618/2023, 33705/2023 എന്നീ കേസുകളിന്മേൽ എതിർകക്ഷികളെ നേരിൽ കേട്ടതിന് ശേഷം നടപടി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 17.06.2025-ലെ ഇടക്കാല ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു.

2 . ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 17.06.2025-ലെ ഇടക്കാല ഉത്തരവ് പ്രകാരം

എതിർ കക്ഷികളെ 30.07.2025-ൽ നേരിൽ കേൾക്കുകയുണ്ടായി. യു.ജി.സി ശമ്പളസ്കെയിലുകൾ ബാധകമായ കോളേജ് അദ്ധ്യാപകർക്ക് കേന്ദ്ര നിരക്കിലുള്ള ക്ഷാമബത്തയും അതിന്റെ കുടിശ്ശികയും അനുവദിച്ച് നൽകണമെന്നാണ് നേരിൽകേട്ട വേളയിൽ എതിർകക്ഷികൾ ആവശ്യപ്പെട്ടത്. കൂടാതെ പരാമർ ശം ( 5 ) പ്രകാരം യു.ജി.സി ശമ്പളസ്കെയിലുകൾ ബാധകമായ കോളേജ് അധ്യാപകർക്ക് ജൂലൈ 2019 വരെയുള്ള ക്ഷാമബത്ത (17%) മാത്രമാണ് അനുവദിച്ചിട്ടുണ്ടായിരുന്നതെന്നും പരാമർശം (2) പ്രകാരം കേന്ദ്രസർക്കാർ ജീവനക്കാർക്ക് ലഭിക്കേണ്ട ക്ഷാമബത്ത മരവിപ്പിച്ചത് ചൂണ്ടിക്കാട്ടിയാണ് ഇത്തരത്തിൽ കേന്ദ്ര നിരക്കിൽ ക്ഷാമബത്ത ലഭിക്കുന്ന യു.ജി.സി ശമ്പളസ്കെയിലുകൾ ബാധകമായ കോളേജ് അദ്ധ്യാപകർക്ക് 01.01.2020, 01.07.2020, 01.01.2021 പ്രാബല്യത്തിൽ ലഭിക്കേണ്ട ക്ഷാമബത്ത ഗഡുക്കൾ നൽകാതിരുന്നതെന്നും പ്രസ്തുത ഉത്തരവിൽ കേന്ദ്ര നിരക്കിൽ ക്ഷാമബത്ത ലഭിക്കുന്ന ജീവനക്കാർക്ക്, മരവിപ്പിച്ച ക്ഷാമബത്ത കേന്ദ്രസർക്കാർ പുനഃസ്ഥാപിച്ച് നൽകുന്ന മുറയ്ക്ക് ഇവിടെയും അനുവദിക്കുമെന്നാണ് പരാമർശിച്ചിരുന്നതെന്നും പരാമർശം ( 3 ) പ്രകാരം കേന്ദ്രസർക്കാർ ജീവനക്കാർ ക്ക് 01.07.2021 മുതൽ മരവിപ്പിച്ചിരുന്ന ക്ഷാമബത്ത പുനഃസ്ഥാപിച്ച് നല്കിയെങ്കിലും കേന്ദ്രനിരക്കിൽ ക്ഷാമബത്ത ലഭിക്കുന്ന യു.ജി.സി ശമ്പളസ്കെയിലുകൾ ബാധകമായ സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകർക്ക് അത് അനുവദിച്ച് നൽകിയത് 2 0 2 4 ഏപ്രിലിലെ ശമ്പളത്തോടൊപ്പമാണെന്ന വിഷയവും കക്ഷികൾ ശ്രദ്ധയിൽപ്പെടുത്തി.

3. 01.01.2020 മുതൽ 30.06.2021 വരെയുള്ള മൂന്ന് ഗഡു ക്ഷാമബത്ത കേന്ദ്ര സർക്കാർ പരാമർശം (2) പ്രകാരം മരവിപ്പിച്ചിട്ടുള്ളതാണ്. 01.01.2020, 01.07.2020, 01.01.2021 തീയതികളിൽ നൽകേണ്ട ക്ഷാമബത്ത 01.07.2021 മുതൽ അനുവദിക്കുന്ന ക്ഷാമബത്തയോടൊപ്പം മുൻകാലപ്രാബല്യമില്ലാതെ അനുവദിയ്ക്കുന്നതാണെന്നും അതിന് കുടിശ്ശിക അനുവദിക്കുന്നതല്ലെന്നും അതേ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി/ഹൈക്കോടതി ജഡ്ജിമാർക്കും സംസ്ഥാന ജുഡീഷ്യൽ ഉദ്യോഗസ്ഥർക്കും അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കും പ്രസ്തുത കാലയളവിൽ ക്ഷാമബത്ത മരവിപ്പിച്ചിട്ടുണ്ട്.

4 . കേന്ദ്ര സർക്കാർ ജീവനക്കാരുടെ 01.07.2021 മുതലുള്ള ക്ഷാമബത്ത നിരക്ക് പരാമർശം (3) പ്രകാരം 17%-ൽ നിന്ന് 28% ആയി ഉയർത്തുകയും 01.01.2020 മുതൽ 30.06.2021 വരെ 17% ആണെന്ന് വ്യക്തമാക്കുകയും ചെയ്തിരുന്നു. തുടർന്ന് പരാമർശം (4) പ്രകാരം 01.07.2021 മുതലുള്ള ക്ഷാമബത്ത നിരക്ക് 28%-ൽ നിന്ന് 31% ആയി ഉയർത്തുകയുണ്ടായി.

5. കേരള സർക്കാർ ജീവനക്കാർക്ക് പരാമർശം (5) പ്രകാരം 01.01.2020, 01.07.2020 എന്നീ തീയതി

പ്രാബല്യത്തിൽ ക്ഷാമബത്ത അനുവദിച്ചിരുന്നു. എന്നാൽ യു.ജി.സി ശമ്പള സ്കെയിലുകൾ ബാധകമായ കോളേജ് അദ്ധ്യാപകർക്ക് പരാമർശം (3) പ്രകാരം 01.01.2020 മുതൽ 30.06.2021 വരെയുള്ള കാലയളവിൽ 17% ക്ഷാമബത്തയ്ക്ക് മാത്രമാണ് അർഹത. യു.ജി.സി / എ.ഐ.സി.റ്റി.ഇ / മെഡിക്കൽ വിദ്യാഭ്യാസം എന്നിവയിലുൾപ്പെടുന്ന അദ്ധ്യാപകർക്ക് പരാമർശം (5) പ്രകാരം 01.07.2019 പ്രാബല്യത്തിൽ 17% ക്ഷാമബത്ത സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.

6. യു.ജി.സി / എ.ഐ.സി.റ്റി.ഇ / മെഡിക്കൽ വിദ്യാഭ്യാസം എന്നിവയിലുൾപ്പെടുന്ന അദ്ധ്യാപകരുടെ ക്ഷാമബത്ത പരാമർശം (6) പ്രകാരം 17% നിന്ന് 31% ആയി ഉയർത്തുകയും പരാമർശം (7) പ്രകാരം 31% നിന്ന് 34% ആയി ഉയർത്തുകയും പരാമർശം (8) പ്രകാരം 34% നിന്ന് 38% ആയി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

7. അഞ്ച് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണം നടക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പത്ത് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണം നടക്കുന്ന കേന്ദ്ര നിരക്കിൽ ശമ്പളം വാങ്ങുന്ന യു.ജി.സി ശമ്പള സ്കെയിലുകൾ ബാധകമായ കോളേജ് അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണ പ്രാബല്യ തീയതിയും ക്ഷാമബത്ത കണക്കാക്കുന്ന ഫോർമുലയും വ്യത്യസ്തമാണ്.

<u>സംസ്ഥാന സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കണക്കാക്കുന്ന ഫോർമുല ചുവടെ ചേർക്കുന്നു</u>

| ക്രമ നം. | ശമ്പള പരിഷ്കരണം | ക്ഷാമബത്ത കണക്കാക്കുന്ന ഫോർമുല |
|---|---|---|
| 1 | 9 | $\frac{\text{Average of AICPI for previous 12 months} - 115.76}{115.76} \times 100 - 27$ |
| 2 | 10 | $\frac{\text{Average of AICPI for previous 12 months} - 239.92}{239.92} \times 100$ |
| 3 | 11 | $\frac{\text{Average of AICPI for previous 12 months} - 306.1}{306.1} \times 100$ |

**കേന്ദ്ര സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കണക്കാക്കുന്ന ഫോർമുല ചുവടെ ചേർക്കുന്നു**

| ക്രമ നം. | ശമ്പള പരിഷ്കരണം | ക്ഷാമബത്ത കണക്കാക്കുന്ന ഫോർമുല |
|---|---|---|
| 1 | 6 | $\frac{\text{(Average of AICPI for previous 12 months} - 115.76)}{115.76} \times 100$ |
| 2 | 7 | $\frac{\text{(Average of AICPI for previous 12 months} - 261.4)}{261.4} \times 100$ |

ആയതിനാൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ക്ഷാമബത്തയുമായി യു.ജി.സി ശമ്പള സ്കെയിലുകൾ ബാധകമായ കോളേജ് അദ്ധ്യാപകരുടെ ക്ഷാമബത്ത താരതമ്യം ചെയ്യാനാവില്ല. കൂടാതെ നിലവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 15 % ക്ഷാമബത്ത ലഭിക്കുമ്പോൾ യു.ജി.സി ശമ്പള സ്കെയിലുകൾ ബാധകമായ കോളേജ് അദ്ധ്യാപകർക്ക് 38% ക്ഷാമബത്തയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

8 . കോളേജ് അദ്ധ്യാപകർക്ക് കേന്ദ്ര നിരക്കിലുള്ള ശമ്പളത്തോടൊപ്പം കേന്ദ്ര നിരക്കിൽ ക്ഷാമബത്തയും അനുവദിക്കുന്നതിന്റെ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നിലവിൽ വഹിക്കുന്നത്. യു.ജി.സി മാനദണ്ഡങ്ങൾ അനുസരിച്ച് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് വേണ്ടിവരുന്ന സാമ്പത്തികബാദ്ധ്യതയുടെ 50% കേന്ദ്ര സർക്കാർ വഹിക്കുമെന്നുള്ള ഉറപ്പിന്മേലാണ് 2016-ലെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയത്. എന്നാൽ പ്രസ്തുത ഇനത്തിൽ ലഭിക്കാനുള്ള 750 കോടി രൂപ ഇതുവരെ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല.

9. അഖിലേന്ത്യാ ഉപഭോക്തൃവില സൂചികയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് എടുക്കുന്ന നയപരമായ ധനകാര്യ മാനേജ്മെന്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ശമ്പളപരിഷ്കരണം, പെൻഷൻ പരിഷ്കരണം, ക്ഷാമബത്ത, ക്ഷാമാശ്വാസം തുടങ്ങിയ ആനുകൂല്യങ്ങൾ സർക്കാർ കാലാകാലങ്ങളിൽ അനുവദിച്ചുവരുന്നത്. ജീവനക്കാർക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനം സർക്കാരിന്റെ പൊതുധനകാര്യ മാനേജ്മെന്റ് നയതീരുമാനവുമായി ബന്ധപ്പെട്ടതും വിഭവങ്ങളുടെ ലഭ്യതയും സർക്കാരിന്റെ ഭാവിധനകാര്യ സുസ്ഥിതിയും ഉറപ്പുവരുത്തികൊണ്ട് എടുക്കേണ്ട വിവേചനതീരുമാനവുമാണ്. സർക്കാർ

/2023-FIN

ജീവനക്കാർക്ക് ക്ഷാമബത്തക്കുള്ള അർഹത ഒരു തർക്കവസ്തുത അല്ലെങ്കിലും അത് അനുവദിക്കാൻ സർക്കാർ എടുക്കുന്ന തീരുമാനം തൊഴില്ലുടമ-തൊഴിലാളി ബന്ധം എന്ന തീരുമാനത്തിലുപരി സർക്കാരിന്റെ സമഗ്ര പ്രകടനത്തെ ബാധിക്കുന്ന ഒരു പൊതുഭരണ-ധനകാര്യ മാനേജ്മെന്റ് തീരുമാനമാണ്. സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് സംസ്ഥാന സർക്കാരിന്റെ നയതീരുമാനപ്രകാരമാണ് ആയത് അനുവദിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും ക്ഷാമബത്ത അനുവദിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാരിന്റെ വികസന, ക്ഷേമ ഉത്തരവാദിത്തങ്ങളെ പ്രതികൂലമായി ബാധിക്കില്ലെന്ന് ഉറപ്പുവരുത്തിയും മാത്രമേ ഇക്കാര്യത്തിൽ സർക്കാരിന് തീരുമാനമെടുക്കാൻ കഴിയൂ. സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കുന്നതിന് അനുകൂലമായ സാഹചര്യമല്ല നിലവിലുള്ളത്. അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികൾ മൂലമുണ്ടായ സാമ്പത്തിക ബാദ്ധ്യതകളിൽ നിന്ന് സംസ്ഥാനം കരകയറാൻ ശ്രമിക്കുന്ന ഈ പ്രതികൂല സാഹചര്യത്തിൽ കോളേജ് അദ്ധ്യാപകർക്ക് കേന്ദ്ര നിരക്കിൽ ക്ഷാമബത്ത അനുവദിക്കുന്ന വിഷയം പരിഗണിക്കാനാവില്ല. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

10. മേൽ പരാമർശിച്ചിരിക്കുന്ന യാഥാർത്ഥ്യങ്ങളുടെയും വസ്തുതകളുടെയും വെളിച്ചത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 17.06.2025-ലെ ഇടക്കാല ഉത്തരവ് പ്രകാരം ടി എതിർകക്ഷികളെ നേരിൽകേട്ട വേളയിൽ എതിർകക്ഷികൾ ഉന്നയിച്ച ആവശ്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. മുൻ ഖണ്ഡികയിൽ വ്യക്തമാക്കിയിരിക്കുന്ന കാരണങ്ങളാൽ പ്രസ്തുത ആവശ്യങ്ങൾ അനുവദിച്ചുകൊണ്ട് അനുകൂലതീരുമാനമെടുക്കാൻ നിലവിലെ സാഹചര്യത്തിൽ സർക്കാരിന് അസാധ്യമാണ്. ഈ സാഹചര്യത്തിൽ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 19612/2021, 2473/2023, 27618/2023, 33705/2023 എന്നീ കേസുകളിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 17.06.2025-ലെ ഇടക്കാല ഉത്തരവ് ഇപ്രകാരം നടപ്പിൽ വരുത്തി സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) I/II, കേരള, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.
ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഉന്നത വിദ്യാഭ്യാസ വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി (EDN-C4/13/2023-FIN E 2329377)

ഉത്തരവിൻ പ്രകാരം

**Signed by Mini Viji A V**
**Date: 08-08-2025 15:59:18**
സെക്ഷൻ ഓഫീസർ